# FIRST TERMINAL EXAMINATION
# PLUS TWO MALAYALAM

**MAX SCORE 80**
**TIME 2 ½ HOURS**

**1 മുതൽ 5 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക (2 സ്കോർ വീതം) 4 x 2 = 8**

1) ഇ സി ജി സുദർശനുമായി ബന്ധപ്പെട്ട രണ്ട് പ്രസ്താവനകൾ കണ്ടെത്തുക
   a) ചിത്രകാരൻ
   b ) വിഖ്യാതനായ ഊർജ്ജതന്ത്ര ശാസ്ത്രജ്ഞൻ
   c) നോബൽ സമ്മാന ജേതാവ്
   d) പത്മവിഭൂഷൻ ബഹുമതി നേടി

2) ശകുന്തള യെക്കുറിച്ച് ദുഷ്ഷന്തൻ പറയുന്ന രണ്ട് കാര്യങ്ങൾ തിരഞ്ഞെടുത്തു എഴുതുക
   a) നീ കുലടയാണ്
   b} സജ്ജനനിന്ദ ചെയ്യുന്നവളാണ്
   c} നിൻറെ ജന്മത്തേക്കാൾ ശ്രേഷ്ഠമാണ് എന്റെ ജന്മം
   d) പരഭൃതയാണ്

**3** താഴെ കൊടുത്തവയിൽ പി പത്മരാജന്റെ കൃതികൾ ഏവ ?
   a) സന്ദർശനം
   b) നക്ഷത്രങ്ങളെ കാവൽ
   c} പ്രതിമയും രാജകുമാരിയും
   d) രണ്ടാമൂഴം

**4** മാഡ്രിഡ് നഗരത്തിന് യോജിക്കാത്ത സവിശേഷതകൾ എടുത്ത് എഴുതുക.
   a} ഉൾക്കടലും ബോട്ടുകൾ അടുപ്പിക്കാനുള്ള സ്ഥലവും ഉണ്ട്
   b} വലിയ ഫ്ലാറ്റ് സമുച്ചയങ്ങൾ നിറഞ്ഞ നഗരം
   c} തുറമുഖ നഗരം
   d] പൊള്ളുന്ന വേനലും മഞ്ഞും കാറ്റും ഉള്ള സ്ഥലം

**5** "ഞാനന്ന് ചിരിക്കും" എന്ന കാട്ടാളന്റെ ശുഭപ്രതീക്ഷയ്ക്ക് കാരണമാകുന്നവ ഏവ ?
   a) തിരമാലകൾ ചീറിയലയ്ക്കുന്നത്
   b) കുടൽമാലകൾ കൊണ്ട് നിറമാലകൾ തൂക്കുന്നത്
   c) വനമോടികൾ ആടിത്തെളിയുന്നത്
   d) ഒരു സൂര്യനുദിക്കുകയുംനിഴലായിട്ടമ്പിളി വളരുകയും ചെയ്യുന്നത്

**6 മുതൽ 9 വരെ ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക (2 സ്കോർ വീതം ) 3 x 2 = 6**

6 അന്നത്തെ മലയാളം ക്ലാസുകളുടെ പ്രത്യേകതയായി സുദർശൻ പറയുന്നത് എന്ത്?

7 " പിന്നെ നീ നിനക്കൊത്ത ദിക്കിനു പൊയ്ക്കൊള്ളണം" ശകുന്തളയെ പറഞ്ഞയക്കാൻ ദുഷ്ഷന്തൻ പറയുന്ന ഉപാധി എന്ത്

**8** "അവർക്ക് പാകത വരുന്നതിന്റെ തെളിവാണിത്" ഏതു കാര്യത്തെ കുറിച്ചാണ് ടോട്ടോവിന്റേയും ജോവലിന്റെയും പപ്പ ഇങ്ങനെ പറഞ്ഞത്?

**9** ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത് എന്തായിരുന്നു ദിവാകരന്റെ ഭയം

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (നാല് മാർക്ക് വീതം) 5x4=20**

**10** "ഭേദവും നമ്മിലെത്ര പാരമുണ്ടോർക്കും നേരം" ശകുന്തള പറയുന്ന ഭേദങ്ങൾ എന്തൊക്കെയാണ്?

**11** "ഉലകാകെയുലയ്ക്കും മട്ടിൽ അലറി കാട്ടാളൻ " രോഷാകുലനായ കാട്ടാളന്റെ നിൽപ്പിനെ കവി അവതരിപ്പിക്കുന്നത് എങ്ങനെ?

**12** ആ വെളിച്ചത്തിനു പിന്നിൽ ഒരു ചതി ഉണ്ടെന്ന് ദിവാകരൻ ചിന്തിക്കാനുള്ള കാരണമെന്ത്

**13** "അവരുടെ ചൊടിയുള്ള കാലടി ശബ്ദം ദിവാകരനെ ഭയപ്പെടുത്തി" ആരുടെ? നിങ്ങളുടെ നിരീക്ഷണത്തിൽ ദിവാകരന്റെഭയത്തിന്റെ കാരണം എന്തായിരിക്കാം?

**14** പണ്ഡിതന്മാർക്കു പോലുമുള്ള ദോഷമായി ശകുന്തള പറയുന്നത് എന്ത് വിശദീകരിക്കുക

**15** കുടുംബജീവിതത്തിലെ ആഗ്രഹങ്ങളും പ്രതിസന്ധികളും വലിയ മാനസിക പ്രശ്നങ്ങളിലേക്ക് നയിക്കുന്ന സമകാലീന പശ്ചാത്തലത്തിൽ കാക്കത്തിമാരും കാക്കാലനും തമ്മിലുള്ള സംഭാഷണത്തിന്റെ പ്രസക്തി വിലയിരുത്തുക

**16 മുതൽ 20 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെഉത്തരം എഴുതുക (6 സ്കോർ വീതം) 4x 6 = 24**

**16** "പുരുഷരത്നമീ ബഹുകനോ" ഇപ്രകാരം ചിന്തിക്കാൻ കേശിനിയെ പ്രേരിപ്പിച്ച കാര്യങ്ങൾ എന്തെല്ലാം ?

**17'** സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കണം' പാഠഭാഗത്ത് എഴുത്തച്ഛൻ പറയുന്ന ഏതെങ്കിലും രണ്ട് ലോകോക്തികൾ ഉദ്ധരിച്ച് അവയെ വിശദീകരിക്കുക

**18** മലതീണ്ടിയശുദ്ധം ചെയ്തവർ എന്ന കാട്ടാളന്റെ വാക്കുകൾ, കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങൾ വരുത്തുന്ന സമകാലിക അവസ്ഥയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക

**19** പ്രതികരണശേഷിയുള്ള ജനങ്ങളും കാര്യക്ഷമമായ നിയമ സംവിധാനവും ഉത്തമ ഭരണത്തിന് അത്യാവശ്യമാണ് എന്ന് അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകം ഓർമ്മപ്പെടുത്തുന്നുണ്ടോ പരിശോധിക്കുക

**20** "ഏതെങ്കിലും കുറെ പടങ്ങൾ പോരേ ഇന്നത് തന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് ബുദ്ധിയാണോ ?" ദിവാകരനോടുള്ള കച്ചവടക്കാരന്റെ ഈ ചോദ്യം അർത്ഥമാക്കുന്നത് എന്ത് ?

**താഴെക്കൊടുത്ത കവിതാ ഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( 2 സ്കോർ വീതം) 3 X 2 = 6**

കാട്ടു മൃഗങ്ങളേ കാലം കളയാതെ
നാട്ടിലേയ്ക്കെത്തൂ പടയിളക്കൂ
എത്രയോ കാലമായ് സാധുക്കൾ നിങ്ങളെ
മർത്ത്യൻ കുതിര കയറിടുന്നു ?
ഒക്കുകില്ലിന്നിയിച്ചൂഷണമെന്നണ -
ഞ്ഞൊത്തുചേർന്നോതുവിൻ, പല്ലിളക്കിൻ
ദംഷ്ട്രകൾ കാട്ടി ഭയപ്പെടുത്തീടുവി-
നട്ടഹസിക്കുവിൻ ഘോരമായി
വജ്ര നഖങ്ങളാൽ മാന്തി പൊളിക്കുവിൻ
മർത്ത്യന്റെ മാംസള സ്കന്ധ പിണ്ഡം
ഈ വിശ്വരംഗമിതൊന്നു പോൽ ഹാ സർവ്വ -
ജീവജാലങ്ങൾക്കു മുള്ളതല്ലേ

**21** കാട്ടുമൃഗങ്ങളോട് കവി എന്താണ് ആഹ്വാനം ചെയ്യുന്നത്?
**22** ഇനി എന്ത് ഒക്കുകയില്ല എന്നാണ് ഇവിടെ പറയുന്നത്?
**23** മനുഷ്യനെ എങ്ങനെയൊക്കെ ഭയപ്പെടുത്താനാണ് കവി മൃഗങ്ങളോട് പറയുന്നത്?

**24 മുതൽ 26 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (8 സ്കോർ വീതം) 2 x 8 = 16**

**24** സമകാലിക രാഷ്ട്രീയത്തിൽ അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിന്റെ പ്രസക്തി അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൻറെ പശ്ചാത്തലത്തിൽ വിലയിരുത്തുക

**25** ദിവാകരനും കുട്ടികളും സമീപിക്കുന്ന വിപണിയും അവരുടെ ലക്ഷ്യവുംഒന്നുതന്നെയാണ് എന്നാൽ പടം തിരഞ്ഞ് തളരുന്ന ദിവാകരനും നിമിഷനേരം കൊണ്ട് തങ്ങൾക്ക് വേണ്ടത് പൊതിഞ്ഞു വാങ്ങുന്ന കുട്ടികളും രണ്ട് തലമുറകളുടെ കാഴ്ചപ്പാടിലുള്ള വ്യത്യാസം പ്രകടമാക്കുന്നുണ്ടോ ?

**26** പ്രകൃതി നശീകരണത്തിന് ഇന്ന് കാടെന്നും നാടെന്നും വ്യത്യാസം ഇല്ലാതായിരിക്കുന്നു കാട്ടാളന്റെ ആധി അതിലേറെ തീവ്രമായി ഇന്ന് നമ്മളിലും നിറയുന്നില്ലേ ? മല തീണ്ടാതെ തന്നെ പ്രകൃതി നശിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഉപന്യസിക്കുക.